ശ്രീ. എൻ. ശിവൻപിള്ള: ഷട്ടിൽസർവ്വീസ് ബസ്സുകൾക്ക് പത്തു നയാ പൈസാ എന്ന നിരക്കിൽ ഈടാക്കുന്ന സ്ഥലങ്ങൾ ഉണ്ടോ?

ശ്രീ. ടി. വി. തോമസ്: പരീക്ഷണം എന്ന നിലയിൽ ഇപ്പോൾ ആലപ്പുഴ ലൈനിൽ പത്തു നയാപൈസ എന്ന നിരക്കിൽ വസൂലാക്കുന്നുണ്ട്.

ശ്രീ. എൻ. ശിവൻപിള്ള: പരീക്ഷണാർത്ഥം മറ്റു പ്രദേശങ്ങളിൽകൂടി ഈ പത്തു നയാപൈസ എന്ന നിരക്ക് ഏർപ്പെടുത്താൻ ആലോചനയുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഒരു പ്രദേശത്ത് പരീക്ഷണാർത്ഥം നടപ്പിലാക്കിയിരിക്കുകയാണ്. അതു കഴിഞ്ഞ് മറ്റു സ്ഥലങ്ങളിലേക്കുംകൂടി വിപുലപ്പെടുത്താമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോൾ ചില സ്ഥലങ്ങളിൽ പതിനഞ്ചു നയാപൈസ എന്ന നിരക്കിൽ ഈടാക്കിക്കൊണ്ടിരിക്കുന്നതായറിയാമോ?

ശ്രീ. ടി. വി. തോമസ്: കുറെ സ്ഥലങ്ങളിൽ ഫെയർ സ്റ്റേജുകൾ നിശ്ചയിച്ചതിൽ വന്നിട്ടുള്ള തകരാറുകൊണ്ട് ഇപ്രകാരം ഈടാക്കാനിടയായിട്ടുണ്ട്. അതുകൊണ്ടാണ് ഒരു പരീക്ഷണം എന്ന നിലയിൽ പത്തു നയാപൈസ എന്ന നിരക്ക് ഇപ്പോൾ ആലപ്പുഴയിൽ നടപ്പാക്കിയത്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ചില സ്ഥലങ്ങളിൽ സാധാരണ ബസ്സുകളുടെ ചാർജ്ജ് എക്സ്പ്രസ്സ് ചാർജ്ജിനെക്കാൾ കൂടുതലാണെന്നും ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ചില സ്ഥലങ്ങളിൽ അങ്ങനെ കാണുന്നതു റാക്ഷണലൈസ് ചെയ്യുമ്പോൾ ഗവണ്മെന്റിനു നഷ്ടം വരാത്ത രീതിയിൽ കുറയ്ക്കുന്നതിനായി ഇപ്പോൾ പരീക്ഷണം എന്നുള്ള നിലയിൽ പത്തു നയാപൈസായാക്കിയിട്ടുണ്ട്. അതു പരിശോധിച്ചു നോക്കിയതിനുശേഷം കുറയ്ക്കേണ്ട സ്ഥലങ്ങളിൽ അതിനു വേണ്ട നടപടിയെടുക്കുന്നതാണ്.

ശ്രീ. എൻ. കണപതി: *മലപ്പുറം പ്രദേശത്തിൽ എക്സ്പ്രസ് ബസ്സുകൾക്കു 25% കൂടുതൽ ചാർജ്ജ് ഇരുപ്പതെക്കുറിച്ചു പാസഞ്ചർകൾ കൂടുതൽ പ്രയാണം ചെയ്തു ആദായം ഏർപ്പെടുവാൻ വഴി ചെയ്യലാമാ?*

ശ്രീ. ടി. വി. തോമസ്: എക്സ്പ്രസ്സ് സർവ്വീസ് ചാർജ്ജ് സാധാരണ സർവ്വീസിനെക്കാൾ കൂടുതലാണ്. അതു മലംപ്രദേശങ്ങളിലും പ്ലെയിൻ പ്രദേശങ്ങളിലെ സർവ്വീസിനുമുണ്ട്.

ശ്രീ. സി. എ. മാത്യു: ഈ സർവ്വീസിൽ ചാർജ്ജ് ഫിക്സ് ചെയ്തിട്ടുള്ളതിൽ ചില അനോമലീസ് ഉള്ളതു ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഫെയർ സ്റ്റേജ് ഫിക്സ് ചെയ്ത കാര്യത്തിൽ ചില അനോമലീസ് ഉണ്ട്. അതില്ലാതെയാക്കുന്നതിനു ഒരു പരീക്ഷണം എന്നുള്ള നിലയിൽ ഗവണ്മെന്റിനു ലാഭകരമായി സർവ്വീസ് നടത്തുന്നതിനും, ആ അനോമലി തീർക്കുന്നതിനും ഇപ്പോൾ ആലപ്പുഴ ഡിസ്ട്രിക്ടിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരീക്ഷണത്തിന്റെ തീരുമാനം അടുത്തുതന്നെ അറിയാം. അതു കഴിഞ്ഞിട്ടേ മാറ്റാൻ പാടുള്ളൂ.

## *റിക്ഷാ*

*1447. [3] *ശ്രീ. എൻ. കണപതി: കീഴ്ക്കാണും വിളക്കുകൾക്കു തൊഴിലാളർ ഇലാകാ മന്ത്രിരി അവർകൾ വിടെ പകർവാർകളാകാ:*

*(എ) റിക്ഷാമുറ ഒഴിക്കപ്പെട നടവടിക്കെ എടുക്കപ്പടുമാ;*

*(ബി) റിക്ഷാ ഇഴുപ്പതെ ചട്ടവിരോതം ആക്കപ്പടുമാ?*

LIBRARY ARCHIVES Kerala Legislative Assembly

*Minister for Labour* (**Shri T. V. Thomas**):
(a) & (b) The question of gradual abolition of riksha pulling is under consideration.

ஶ்ரீ. என். கணபதி: ஸர், இதுவரை சர்க்காரால் எடுக்கப்பட்ட நடவடிக்கையின் பேரில் என்ன பலன் கிடைத்திருக்கிறது?

ശ്രീ. സി. എ. മാത്യു: തമിഴ് ചോദ്യത്തിന്റെ ഹെഡിംഗ് കൊടുക്കുന്നതെങ്കിലും ഇംഗ്ലീഷിലാക്കിയാൽ കൊള്ളാം.

**Mr. Speaker**: Yes. That will be considered.

## ഗവണ്മെന്റാഫീസുകളിലെ ജോലിസമയം.

* 1448. [4] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിലെ എല്ലാ ഗവണ്മെന്റാഫീസുകളിലെയും ജോലി സമയം പ്രതിവർഷം എത്ര മണിക്കൂറാണ്;

(ബി) ജോലി പൂർത്തിയാക്കുന്നതിനും, ഫയലുകൾക്ക് കാലതാമസം ഒഴിവാക്കുന്നതിനും, എന്തെങ്കിലും പരിഷ്ക്കാരം നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇൻഡ്യയിൽ മറ്റു സംസ്ഥാനങ്ങളിൽ ഇതു സംബന്ധിച്ച് വല്ല പരിഷ്ക്കാരവും ഏർപ്പെടുത്തിയിട്ടുണ്ടോ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കോടതികളും, രജിസ്ട്രേഷൻ ആഫീസുകളും ഒഴികെ മറ്റു ആഫീസുകളുടെ ജോലി സമയം 1841 മണിക്കൂറാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ ഒരു കൊല്ലത്തെ ജോലിസമയം 1878 മണിക്കൂറാണ്. കോടതികളെ സംബന്ധിച്ച വിവരം കിട്ടിയിട്ടില്ല.

(ബി) അഡ്മിനിസ്ട്രേറ്റീവ് റിഫാംസ് കമ്മിറ്റിയുടെ റിപ്പോർട്ട പ്രകാരം ജോലി പൂർത്തിയാക്കുന്നതിനും ഫയലുകൾക്ക് കാലതാമസം ഒഴിവാക്കുന്നതിനും സെക്രട്ടറിയേറ്റിൽ ഒരു ആർഗനൈസേഷൻ ആൻഡ് മെത്തേഡ്സ് ഡിപ്പാർട്ട്മെന്റ് ആരംഭിച്ചിട്ടുണ്ട്. അവർ ഇതു പഠിച്ചുകൊണ്ടിരിക്കുകയാണ്.

(സി) സെൻട്രൽ സെക്രട്ടറിയേറ്റിലും, ബാംബെ, ആന്ധ്രാ, രാജസ്ഥാൻ, ഉത്തരപ്രദേശ് ഇവിടങ്ങളിലും ഒ. ആൻഡ്. എം. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നതായി അറിവുണ്ട്.

ശ്രീ. സി. എ. മാത്യു: ജോലിസമയം കഴിയുന്നതുവരെ ആഫീസിൽ നിന്നും പോകരുതെന്നുള്ള ചട്ടങ്ങൾ നിലവിലില്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഉണ്ട്. അങ്ങനെയുള്ള ചട്ടങ്ങളുണ്ട്.

## പുതിയ എൻ. ഇ. എസ്സ്. ബ്ലാക്കുകൾ.

* 1449. [5] ശ്രീ. ടി. കെ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലാക്കുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ 1959-60-ലേക്കുള്ള ലിസ്റ്റ് തയാറാക്കിക്കഴിഞ്ഞുവോ;

(ബി) ലിസ്റ്റ് തയാറാക്കുന്നതിൽ ഒറ്റ ബ്ലാക്കും ഇല്ലാത്ത താലൂക്കുകൾക്ക് മുൻഗണന കൊടുക്കണമെന്ന ഒരു നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly